**ഭരണഭാഷ മാതൃഭാഷ**

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം: മെ.വി.കാ.-ജീവനക്കാര്യം - ശ്രീമതി ഡെയ്സമ്മ.പി.റ്റി, സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം- ഗ്രേഡ് I മുൻഗണന പട്ടികയിൽ പേരുൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:
1. നോട്ടീസ് നമ്പർ ജെ2/30185/2017/മെ.വി.വ. തീയതി 2.11.2017
2. ഉത്തരവ് നമ്പർ ജെ2/27935/2012/മെ.വി.വ. തീയതി 1.11.2013
3. ഉത്തരവ് നമ്പർ എച്ച്3/1431/2009/മെ.വി.വ. തീയതി 31.8.2009
4. ഉത്തരവ് നമ്പർ ഇ5/63646/2007/ആ.വ.ഡ. തീയതി 12.3.2012
5. കത്ത് നമ്പർ ഇ7/13998/2017/എം.സി.കെ. തീയതി 18.9.2017
6. ശ്രീമതി ഡെയ്സമ്മ.പി.റ്റി., സ്റ്റാഫ് നഴ്സ് ഗ്രേഡ് I ന്റെ 24.4.2017ലെ പരാതി

**ഉത്തരവ് നമ്പർ ജെ2/30185/2017/മെ.വി.കാ. തീയതി : 17.12.2017**

1. ദ്വിഭരണസംവിധാനം അവസാനിച്ചതിനെത്തുടർന്ന് ആരോഗ്യ വകുപ്പിൽ നിന്നും ഓപ്ഷൻ നൽകി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് വന്ന 28.2.2011 വരെയുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-Iമാരുടെ മുൻഗണന പട്ടിക ഒട്ടേറെ പരിഷ്ക്കരണങ്ങൾക്കും തിരുത്തലുകൾക്കും ശേഷം സൂചന (2) ഉത്തരവ് മുഖേന അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. സൂചന (3) ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകി വന്ന കോട്ടയം മെഡിക്കൽ കോളേജിലെ ഗ്രേഡ്-I സ്റ്റാഫ് നഴ്സായ ശ്രീമതി ഡെയ്സമ്മ.പി.റ്റി.സൂചന (4) ഉത്തരവ് പ്രകാരം 10.11.2008 പ്രാബല്യത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് I ആയി സ്ഥാനക്കയറ്റം കിട്ടിയിട്ടുണ്ട്. എന്നാൽ ടിയാരി 13.6.2009 മുതൽ 9.4.2017 വരെ കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XII എ പ്രകാരം ശൂന്യവേതനാവധിയിലായിരുന്നെന്നും 10.4.2017ന് തിരികെ കോട്ടയം മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും സൂചന (2) ഉത്തരവ് മുഖേന പ്രസിദ്ധീകരിച്ച മുൻഗണന പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലായെന്നും ആയതിനാൽ ടിയാരിയെ ടി പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കാണിച്ച് സൂചനകൾ (5), (6) എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. ആരോഗ്യ വകുപ്പിലെ 10.11.2008 മുതൽ 24.2.2012 വരെയുള്ള ഗ്രേഡ്- I സ്റ്റാഫ് നഴ്സുമാരുടെ പട്ടികയിൽ 2776-ാം നമ്പറായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ഡെയ്സമ്മ പി.റ്റി, ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗ്രേഡ്-I സ്റ്റാഫ് നഴ്സുമാരുടെ 28.2.2011 വരെയുള്ള മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ളതായി പരിശോധിച്ച് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ, ടിയാരിയെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സുമാരുടെ 28.2.2011 വരെയുള്ള ഗ്രേഡ്-I സ്റ്റാഫ് നഴ്സുമാരുടെ മുൻഗണനാപ്പട്ടികയിൽ 286A എന്ന സ്ഥാനം നൽകി താത്കാലികമായി തീരുമാനിച്ച് പരാമർശം (1) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ ബോധിപ്പിക്കാൻ സമയം അനുവദിച്ചിരുന്നു.

| റാങ്ക് നമ്പർ | പേര് | ജോലി നോക്കുന്ന സ്ഥലം | ജനന ത്തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സ്ഥാന ക്കയറ്റം ലഭിച്ച തീയതി |
|---|---|---|---|---|---|
| 283 | Resmi.R.K | MCH, Alappuzha | 19.5.1974 | 1.11.2000 | 10.11.2008 |
| 284 | Sajitha Ashraf | MCH, Alappuzha | 30.5.1964 | 4.11.2000 | 10.11.2008 |
| 285 | Sindhu.N.C | ICH, Kottayam | 1.5.1968 | 23.11.2000 | 10.11.2008 |
| 286 | Rajimol.P.T | MCH, Kottayam | 24.5.1970 | 23.11.2000 | 10.11.2008 |
| 286 A | Daisamma.P.T | MCH, Kottayam | 9.3.1968 | 1.12.2000 | 10.11.2008 |
| 287 | Lincy.M.O | MCH, Kottayam | 28.5.1963 | 23.11.2000 | 10.11.2008 |
| 288 | Vimalakumary.P.N | MCH, Kottayam | 14.2.1969 | 25.11.2000 | 10.11.2008 |

നിശ്ചിത സമയപരിധിക്കുള്ളിൽ ഇക്കാര്യത്തിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഗ്രേഡ് -I സ്റ്റാഫ് നഴ്സായ ശ്രീമതി ഡെയ്സമ്മ പി.റ്റി.യ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗ്രേഡ്-I സ്റ്റാഫ് നഴ്സുമാരുടെ 28.2.2011 വരെയുള്ള മുൻഗണനാപ്പട്ടികയിൽ 286 A എന്ന സ്ഥാനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ഡോ.റംലാബീവി.എ
ഡയറക്ടർ

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാരി

പകർപ്പ്:
1. പ്രിൻസിപ്പൽ, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
2. വെബ്സൈറ്റ് dme.kerala.gov.in.
3. ജെ3 സീറ്റ്
4. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JR/21.12.2017